# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 5112

06.02.2014 -ലെ മറുപടിക്ക്

## ചാലക്കുടി പോലീസ് സ്റ്റേഷനിലെ 800/ODTN/L1/13 നമ്പർ കേസിന്റെ അന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | | ശ്രീ. രമേശ് ചെന്നിത്തല<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി) | |
| (എ) | ചാലക്കുടി പോലീസ് സ്റ്റേഷനിലെ 2013ലെ 800/ODTN/L1/13നമ്പർ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ചാലക്കുടി പോലീസ് സ്റ്റേഷൻ നമ്പർ 800/ODTN/L1/13 എന്ന പരാതിയിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ബി) | പ്രസ്തുത കേസിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി), (സി) & (ഡി) | പ്രസ്തുത പരാതിയെപ്പറ്റി അന്വേഷണം നടത്തിയതിൽ കിഴക്കേ ചാലക്കുടി വില്ലേജിൽ ചാലക്കുടി ദേശത്ത് മാനാടൻ വീട്ടിൽ ലോനപ്പൻ മകൻ രാജൻ എന്നയാളെ 07.12.2013 തീയതി രാത്രി 9.30 മണിക്ക് ടിയാന്റെ വീട്ടിനടുത്തുവച്ച് 800/ODTN/L1/13 നമ്പർ പരാതിയിലെ പരാതിക്കാരൻ വാരാപ്പുഴക്കാരൻ പോൾ എന്നയാൾ ത്ധമ്പ കൊണ്ട് കൊത്തി പരിക്കേൽപ്പിച്ചു. പരിക്കേറ്റ രാജൻ ചികിത്സയ്ക്കായി ചാലക്കുടി സെന്റ് ജെയിംസ് ആശുപത്രിയിൽ അഡ്മിറ്റായി. പിറ്റേ ദിവസം രാവിലെ മേൽ നമ്പർ പരാതി കളവായി ചാലക്കുടി പോലീസ് സ്റ്റേഷനിൽ സമർപ്പിച്ചിട്ടുള്ളതാണെന്ന് വെളിവായതിനാൽ പ്രസ്തുത പരാതിയിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലാത്തതാണ്. എന്നാൽ പരാതിക്കാരനെതിരെ മേൽ സംഭവത്തിന് ആശുപത്രിയിൽ അഡ്മിറ്റായ രാജന്റെ മൊഴി രേഖപ്പെടുത്തി ചാലക്കുടി പോലീസ് സ്റ്റേഷൻ ക്രൈം 3032/13u/s 341, 324, 308 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; | | |
| (ഡി) | പരാതി നൽകിയിട്ട് നാളിതുവരെയായിട്ടും കേസ് രജിസ്റ്റർ ചെയ്യാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഇ) | പ്രസ്തുത കേസ് രജിസ്റ്റർ ചെയ്യാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | (ബി), (സി) & (ഡി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ.